**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3063** **07-10-2025 - ൽ മറുപടിയ്ക്ക്**

**ബഫർസോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഡാമുകൾക്ക് ചുറ്റും ഏർപ്പെടുത്തിയ ബഫർസോൺ പിൻവലിച്ചിട്ടും വീട് ഉൾപ്പെടെയുള്ളവയുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഡാമുകളുടെ സമീപം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി നൽകുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 26/12/2024 -ന് ജി.ഒ(എം.എസ്) നമ്പർ 67/2024/ജ.വി.വ ഉത്തരവ് പുറത്തിറക്കിയിരുന്നു. വിവിധ തലങ്ങളിൽ നിന്ന് പരാതികളും നിർദ്ദേശങ്ങളും ലഭിച്ചതിനെ തുടർന്ന് മേൽ ഉത്തരവ് 03/04/2025 – ലെ ജി.ഒ(എം.എസ്) നമ്പർ 26/2025/ ജ.വി.വ ഉത്തരവ് പ്രകാരം പിൻവലിച്ചു. ഡാമുകൾക്ക് സമീപം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. ആയതുമായി ബന്ധപ്പെട്ട് 24/06/2025, 14/08/2025 തീയതികളിൽ സർവ്വകക്ഷിയോഗം നടക്കുകയുമുണ്ടായി. പ്രസ്തുത യോഗങ്ങളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കുകയുണ്ടായി. ആയത് അന്തിമഘട്ടത്തിലാണ്. |
| (ബി) | കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസംഭരണിയുടെ റിസർവോയർ ഏരിയയ്ക്ക് സമീപം കെട്ടിട നിർമ്മാണത്തിന് അപേക്ഷ നല്കിയെങ്കിലും പഴശ്ശി ഇറിഗേഷനിൽ നിന്നും ഒരു വർഷത്തിലേറെയായി എൻ. ഒ. സി. ലഭിക്കാത്തതിനെ തുടർന്ന് പഞ്ചായത്ത് പെർമിറ്റ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകർക്ക് എത്രയും വേഗത്തിൽ എൻ. ഒ. സി. നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട്. കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസംഭരണിയുടെ റിസർവോയറിന് സമീപം കെട്ടിട നിർമ്മാണത്തിന് അപേക്ഷ ലഭിച്ചിട്ടും എൻ.ഒ.സി നൽകാൻ സാധിക്കാത്ത 5 അപേക്ഷകളുണ്ട്. ഡാമുകൾക്ക് സമീപം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് എൻ.ഒ.സി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ